**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**വിജ്ഞാപനം**

**കീം–2021**
**ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള പ്രവേശനം–2021**
**സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ്**
**അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

2021 വർഷത്തെ ബി.ഡി.എസ് കോഴ്സിൽ മോപ് അപ് അലോട്ട്മെന്റിനുശേഷം നിലവിലുണ്ടായിരുന്ന ഒഴിവുകൾ നികത്തുന്നതിനായി നടത്തിയ സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന്റെ അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് പ്രവേശന പരീക്ഷാ പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്നവെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 06.05.2022 ന് പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായാണ് സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ അലോട്ട്മെന്റ് മെമ്മോ '**കാൻഡിഡേറ്റ് പോർട്ടലിൽ**' ലഭ്യമാകുന്നതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുമായ തുക (ബാധകമെങ്കിൽ) **2022 മെയ് 12** മുതൽ ഓൺലൈൻ പേയ് മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് (പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ് ) മുഖാന്തിരമോ ഒടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ ഒ.ഇ.സി-ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ 20.06.2005 തീയതിയിലെ G.O.(Ms)No.25/2005/SCSTDD, G.O.(Ms)No.10/2014/BCDD തീയതി 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ.ചിത്രഹോം, ജുവനൈൽഹോം, നിർഭയ ഹോം എന്നിവയിലെ വിദ്യാർത്ഥികളും ഫീസിളവിന് അർഹരാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികൾക്ക് സ്വാശ്രയ ദന്തൽ കോളേജുകളിലെ

മൈനോറിറ്റി/എൻ.ആർ.ഐ സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ഫീസിളവിന് അർഹരല്ലാതാകുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും **12.05.2022 മുതൽ 13.05.2022, ഉച്ചയ്ക്ക് 2.00 മണിക്ക്** മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ 'Data Sheet' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് അലോട്ട്മെന്റ് മെമ്മോയും, ഡാറ്റാ ഷീറ്റും, പ്രോസ്പെക്ടസ് ക്ലോസ് 11.7.1 ൽ പറഞ്ഞിരിക്കുന്ന രേഖകളും കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത സമയത്തിനകം പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും , പ്രവേശനം നേടിയശേഷം സീറ്റ് നഷ്ടപ്പെടുത്തുന്ന വിദ്യാർത്ഥികളുടെയും സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിനായി നൽകിയ രജിസ്ട്രേഷൻ ഫീസ് പെനാൽറ്റിയായി കണക്കാക്കി തിരികെ നൽകുന്നതല്ല. കൂടാതെ ഇത്തരം വിദ്യാർത്ഥികളിൽ നിന്നും കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (c)(ii) വ്യവസ്ഥ പ്രകാരം പിഴ ഈടാക്കുന്നതുമാണ്.

സ്പെഷ്യൽ വേക്കൻസി ഫില്ലിംഗ് അലോട്ട്മെൻറിന് ശേഷം ബി.ഡി.എസ് കോഴ്സിൽ നിലനിൽക്കുന്ന ഒഴിവുകൾ കോളേജ് തലത്തിൽ നടത്തുന്ന സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ നികത്തുന്നതാണ് . ഇതു സംബന്ധിച്ച വിജ്ഞാപനം പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.05.11 20:46:02 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**11/05/2022**